# OASIS

Older Adults Sharing In Service

## NEWS BULLETIN

STATE BANK OF INDIA PENSIONER'S ASSOCIATION (KERALA)
KOTTAYAM DISTRICT CENTRE

**Vol. 2 Book 2 Regd. No. ER/450/2001 Date:28.02.2020**


## ബാങ്ക് പണിമുടക്ക് പൂർണ്ണം

2017 ൽ നടത്തേണ്ട ശമ്പള പരിഷ്കരണം അനന്തമായി നീളുന്നതിനെതിരേ ബാങ്ക് യൂണിയനുകളുടെ സംയുക്താഭിമുഖ്യത്തിൽ 31.01.2020, 01.02.2020 തിയതി കളിൽ നടത്തിയ രണ്ട് ദിവസത്തെ സൂചനാ പണി മുടക്ക് പൂർണ്ണം. ഈ സമരത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ സമ്പൂർണ്ണ പിന്തുണയുമായി രംഗത്തെത്തി.




തൃശ്ശൂരിൽ സമരത്തിന് പിന്തുണയേകി വൈസ് പ്രസിഡന്റ് ശ്രീ.രാജാകുറുപ്പ് സമരമുഖത്ത് പ്രസംഗിച്ചപ്പോൾ.

40 റൌണ്ട്സ് മീറ്റിംഗ്സ്, 810 ദിവസങ്ങൾ, നീണ്ട ചർച്ചകൾ, ഇതിനിടയിൽ ആറിലധികം പണിമുടക്ക് സമരങ്ങൾ, എന്നിട്ടും തീരാതെ പ്രശ്നങ്ങൾ!

## ഗിന്നസ് ലോക റിക്കാർഡുകൾ ഇങ്ങനെയും പിറക്കും!!


GUINNESS WORLD RECORDS

CERTIFICATE

This is to certify that bipartite settlement talks between IBA and UFBU has crossed 41 meetings and wage revision is pending for 810 days. This is a new world record

GUINNESS WORLD RECORDS LTD

## ഇന്ത്യയുടെ കേന്ദ്ര ബജറ്റ്

ഇന്ത്യയുടെ വാർഷിക ബജറ്റാണ് കേന്ദ്ര ബജറ്റ് എന്ന് പൊതുവിൽ അറിയപ്പെടുന്ന വാർഷിക ധനകാര്യ പ്രസ്താവന. ഭരണഘടനയുടെ അനുഛേദം 112 അനുസരിച്ച് ഓരോ വർഷവും ഇന്ത്യൻ പാർലമെണ്ടിൻറെ ഇരുസഭകളുടെയും മുന്നിൽ ബജറ്റ് വയ്ക്കണമെന്നുണ്ട്. രാജ്യത്തിന്റെ ധനകാര്യ മണ്ഡലത്തിൻറെ മേധാവിയായ


SBI PENSIONERS ASSOCIATION KERALA
KOTTAYAM- DISTRICT CENTRE, MARIYA BHAVAN I FLOOR,KUMARANALLOOR .P.O. KOTTAYAM Pin-686 016
Tel: 0481 25 67 373, Mobile : 9446424407, 9446046899, 9446122245
email: sbipakktym@gmail.com

ധനകാര്യമന്ത്രിയുടെ സഹായത്തോടെയാണ് രാഷ്ട്രപതി ഇപ്രകാരം ചെയ്യുന്നത്. 2016 വരെ എല്ലാ വർഷവും ഫെബ്രുവരിയിലെ അവസാനത്തെ പ്രവൃത്തി ദിവസമാണ് കേന്ദ്ര ധനകാര്യമന്ത്രി പാർലമെന്റിൽ ബജറ്റ് അവതരിപ്പിച്ചിരുന്നത്. എന്നാൽ 2017 മുതൽ ഫെബ്രുവരിയിലെ ആദ്യ ദിനം (ഫെബ്രുവരി ഒന്നിനാണ്) ആണ് ബജറ്റ് അവതരിപ്പിക്കുന്നത്. ഇന്ത്യയിൽ സാമ്പത്തിക വർഷം ആരംഭിക്കുന്ന ഏപ്രിൽ ഒന്നിന് കേന്ദ്ര ബജറ്റ് നടപ്പിൽ വരുന്നു. അതിനു മുമ്പായി ബജറ്റ് പാർലമെണ്ടിന്റെ ഇരുസഭകളിലും വോട്ടെടുപ്പോടെ പാസ്സാക്കേണ്ടതുണ്ട്.



പാർലമെന്റിൽ 2020-21 വർഷത്തെ ബജറ്റ് അവതരിപ്പിക്കുന്ന കേന്ദ്ര ധനകാര്യമന്ത്രി നിർമല സീതാരാമൻ



**ഡിസംബർ പാദത്തിൽ ജി.ഡി.പി വളർച്ച 4.7% ആയി കുറഞ്ഞു.**

2019 ഡിസംബറിൽ അവസാനിച്ച മൂന്നു മാസ കാലയളവിൽ ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉത്പാദന വളർച്ച 4.7% ആയി കുറഞ്ഞു. നടപ്പു സാമ്പത്തിക വർഷം ജി.ഡി.പി. വളർച്ച 5% മാത്രമായിരിക്കുമെന്നാണ് ആർ.ബി.ഐയുടെ ഇപ്പോഴത്തെ അനുമാനം.

## മാന്ദ്യം അടിത്തട്ട് കണ്ടു.

സാമ്പത്തിക .വളർച്ച ഏഴു വർഷത്തെ ഏറ്റവും താഴ്ന്ന നിലയിലെന്ന് കേന്ദ്ര ധനമന്ത്രാലയം. ഈ സാഹചര്യത്തിൽ വളർച്ചാ മുരടിപ്പ് അടിത്തട്ട് തൊട്ടുവെന്ന് വേണം കണക്കാക്കാൻ.

## ഇൻഡസ് ഇൻഡ് ബാങ്ക് മാനേജിംഗ് ഡയറക്റ്ററും സി.ഇ.ഒ.യുമായി സുമന്ത് കത്ത്പാലിയ നിയമിതനായി.

രാജ്യത്തെ അഞ്ചാമത്തെ വലിയ സ്വകാര്യ ബാങ്കാണ് ഇൻഡസ് ഇൻഡ് ബാങ്ക്.



ഇൻഡസ് ഇൻഡ് ബാങ്ക് മാനേജിംഗ് ഡയറക്റ്ററും സി.ഇ.ഒ.യുമായി നിയമിതനായ സുമന്ത് കത്ത്പാലിയ.

## ബാങ്ക് സമരം മാറ്റി

ബാങ്ക് ജീവനക്കാരുടേയും ഓഫീസർമാരുടേയും സംഘടനകൾ മാർച്ച് 11 മുതൽ മൂന്ന് ദിവസം നടത്താനിരുന്ന പണിമുടക്ക് സമരം മാറ്റി വച്ചു. വേതന സേവന വ്യവസ്ഥകളിൽ ഉരുത്തിരിയുന്ന സമവായങ്ങളുടെ പശ്ചാത്തലത്തിലാണ് തീരുമാനം. സുപ്രധാന വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

## UNITED FORUM OF BANK UNIONS

**(AIBEA-AIBOC-NCBE-AIBOA-BEFI-INBEF-INBOC-NOBW-NOBO)**
C/o. State Bank of India, LHO, Plot No.1, Sector-17A, Chandigarh - 160 017
Phone (Office) : 0172-4567142, 4567042, 2702518 Fax – 0172-2721716
Mobile – 09417032548 e-Mail – ufbu.chd@gmail.com
**SANJEEV K. BANDLISH Convenor**

**CIRCULAR No. UFBU/ 2020/ 07**
**Date : 29.02.2020**

**TO ALL CONSTITUENT UNIONS/MEMBERS**

Dear Comrades,

**Bipartite Talks with IBA today – Strike action deferred**

Further to our successful 2 days strike on 31st January and 1st February, 2020, today, one more round of bipartite talks was held in IBA office in Mumbai. IBA team was led by Shri Rajkiran Rai G, Chairman of the Negotiating Committee. We were represented by our 9 constituent unions.

After a lot of discussions, the following points emerged today:

- **Offer on Pay slip cost increased to 15%.**
- **Our demand on 5 Day Banking will be taken forward by further discussions.**
- **Our demand for loading more than 2% will be considered by a Joint Committee of IBA and UFBU.**
- **In addition to 15% offer, encashment of Privilege Leave at 5 days per year.**
- **Improvement in Family Pension – matter recommended to Government, will be expedited.**
- **On updation, IBA agreed that some improvement in the Pension would be worked out for the retirees of earlier settlements period by working out the cost.**
- **Revised offer on PLI was given at 1.37%, 2.74% and 4.11%.**

**IBA agreed to discuss all other issues through further discussions. In view of these positive developments, all our agitational programmes including the ensuing 3 days strike from 11th March, 2020 stands deferred.**

**We congratulate all our unions and members for their unity and co-operation due to which the improvements as above could be possible. Further negotiations will continue at the earliest and it would be our endeavour to reach a full-fledged settlement at the earliest.**

**With greetings,**

**Yours comradely,**

**( SANJEEV K. BANDLISH )**
**CONVENOR**

## കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215 ന്റെ ഭരണ സമിതി യോഗം

**കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ** ഫെബ്രുവരി മാസത്തിലെ ഭരണ സമിതി യോഗം 2020 ഫെബ്രുവരി മാസം 14–ാം തിയതി വെള്ളിയാഴ്ച്ച പ്രസിഡന്റ് **ശ്രീ എം.ജി. രാഘവന്റെ** അദ്ധ്യക്ഷതയിൽ നടന്നു. വൈസ് പ്രസിഡന്റ് ശ്രീ.സി.പി.മാത്യു സ്വാഗതം ആശംസിച്ചു.അദ്ധ്യക്ഷൻ തന്റെ ഉപക്രമ പ്രസംഗത്തിൽ സംഘത്തിന്റെ വളർച്ചക്കാവശ്യമായ പുതിയ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് നിർദ്ദേശിച്ചു. അതിനായി പുതിയ ജി. ഡി. സി. എസ്., വായ്പ്പകൾ എന്നിവ തുടങ്ങുന്നത് കൂടാതെ സുരക്ഷിതമായ ഇൻവെസ്റ്റ്മെന്റുകൾ, ഫ്രഞ്ചൈസികൾ (നീതി മെഡിക്കൽ സ്റ്റോർ മുതലായവ), എന്നിവകൾ കൂടി യോഗം ആലോചിക്കണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

**കഴിഞ്ഞ മാസത്തിലെ ഭരണ സമിതി യോഗത്തിന്റെ മിനിട്സ് സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കമുണ്ടയ്ക്കൽ യോഗത്തിൽ അവതരിപ്പിച്ചു.**

**അസിസ്റ്റന്റ് സെക്രട്ടറി ശ്രീ. കെ.എൻ. വിശ്വനാഥൻ നായർ വിദേശപര്യടനത്തിലായതിനാൽ ഓഫീസ് ചുമതലയിലുള്ള ഭരണസമിതിയംഗം ശ്രീമതി.ത്രേസ്യാമ്മ ആന്റണി മാസാന്ത്യ**



ശ്രീമതി.ത്രേസ്യാമ്മ ആന്റണി

**കണക്കുകൾ അവതരിപ്പിച്ചു. ചർച്ചകൾക്കും വിശദീകരണങ്ങൾക്കുമൊടുവിൽ റിപ്പോർട്ടും കണക്കും യോഗം അംഗീകരിച്ചു.**

## സൊസൈറ്റി ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ 2020 ഫെബ്രുവരി മാസത്തിലെ നറുക്കെടുപ്പ് 14–ാം തീയതി വെള്ളിയാഴ്ച്ച നടന്നു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

1. 25000 രൂപായുടെ കുറി – വട്ടമെത്തി
2. 25,000 രൂപായുടെ കുറി –(41) ശ്രീ. എ.സി.കുര്യാക്കോസ്
3. 50,000 രൂപായുടെ കുറി – (70) ശ്രീമതി. ദേവയാനി
4. 100,000 രൂപായുടെ കുറി –(86) ശ്രീ. ശ്രീ. മാത്യു അടയ്ക്കമുണ്ടയ്ക്കൽ
5. 100,000 രൂപായുടെ കുറി –(102) പി.കെ.വിജയൻ
6. 100,000 രൂപായുടെ കുറി –(137) ശ്രീ. കെ.പി.ജോസ്
7. 100,000 രൂപായുടെ കുറി – (154) തോമസ് ഫിലിപ്പ്

നറുക്ക് ലഭിച്ചവർക്ക് 2020 ഫെബ്രവരി മാസം 14–ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. അതിനായുള്ള ഫോറങ്ങൾ പൂരിപ്പിച്ച് ഓഫീസിൽ 14–ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് സെക്രട്ടറി അറിയിക്കുന്നു.

# പുതിയ അംഗങ്ങൾ

## എ ക്ലാസ്

താഴെ കൊടുത്തിട്ടുള്ള 10 "എ"ക്ലാസ്സ് അംഗത്വത്തിനുള്ള അപേക്ഷകൾ പരിഗണിച്ചതിൽ പത്തിനും "എ" ക്ലാസ്സ് അംഗത്വം നല്കുന്നതിന് തീരുമാനമായി.
പുതിയ അംഗങ്ങൾ :-

1. ശ്രീ. കെ.കെ.പോത്തൻ
2. ശ്രീ. രാജൻ ജോർജ്ജ്
3. ശ്രീമതി..ആർ.ശോഭന,
4. ശ്രീ.കെ.ബാലകൃഷ്ണ പിള്ള
5. ശ്രീമതി...വി. ജോസ്
6. ശ്രീ. ജോസഫ് ജോർജ്ജ്
7. ശ്രീ. വേണുഗൊപാൽ.കെ.ആർ.
8. ശ്രീ. മത്തായി.പി, വി.
9. ശ്രീ. ചന്ദ്രബാബു.സി.വി.
10. ശ്രീ. കെ.കെ.പാപ്പച്ചൻ

## സി ക്ലാസ്സ്

കൂടാതെ ഇനിപ്പറയുന്ന നാലു പേർക്ക് സി ക്ലാസ്സ് അംഗത്വവും അനുവദിച്ചു.

1. ശ്രീമതി. തങ്കമ്മ സ്കറിയ
2. ശ്രീമതി. എൽസി തോമസ്
3. ശ്രീമതി. ശാന്തമ്മ.എ.കെ
4. ശ്രീമതി.ഷീന ജോസ്

.

## നവാഗതർക്ക് ഹൃദ്യമായ സ്വാഗതം!

## എട്ടാമത്തെ 1,00,000 രൂപയുടെ ജി.ഡി.സി.എസ് കുറി ഉടൻ ആരംഭിക്കുന്നു

എട്ടാമത്തെ 1,00,000 രൂപായുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്ന വിവരം സന്തോഷപൂർവം അറിയിക്കുന്നു. കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്. ശ്രീമതി. ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ 9446322416 ബന്ധപ്പെടുക.

## മെഡിക്കൽ ബെനിഫിറ്റ് സ്കീം വർക്ക് ഷോപ്പ് കോഴിക്കോട്ട്

നമ്മുടെ സംഘടന ആവശ്യപ്പെട്ടതനുസരിച്ച് എല്ലാ അഡ്മിനിസ്ട്രേറ്റിവ് ഓഫീസുകളിലും ഉടനെ തന്നെ മെഡിക്കൽ ഇൻഷുറൻസ് സ്കീമിനെ സംബന്ധിച്ചു ഒരു വർക്ക് ഷോപ്പ് നടത്താൻ ലോക്കൽ ഹെഡ് ഓഫീസിൽ നിന്നും നിർദേശം വന്നതിന്റെ അടിസ്ഥാനത്തിൽ **കോഴിക്കോട്** ഡെപ്യൂട്ടി ജനറൽ മാനേജരുടെ പ്രത്യേക താല്പര്യപ്രകാരം ഒരു വർക്ക് ഷോപ്പ് **കോഴിക്കോട്ട്** ഫെബ്രുവരി 3-ാം തീയതി തിങ്കളാഴ്ച്ച നടത്തി.



കോഴിക്കോട് അഡ്മിനിസ്ട്രേറ്റിവ് ഓഫീസിൽ വച്ച് നടത്തിയ മെഡിക്കൽ ബെനിഫിറ്റ് സ്കീം വർക്ക് ഷോപ്പിൽ സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ.രാജീവൻ സംസാരിക്കുന്നു. ചീഫ് മാനേജർ (എച്ച്.ആർ.) എം.കേശവൻ ഉണ്ണി ഉദ്ഘാടനം ചെയ്തു. ആനന്ദ്രതി ഇൻഷുറൻസ് ബ്രോക്കേഴ്സ് സീനിയർ ഒഫീസർ സ്റ്റീഫൻ തോമസ് സ്കീമിന്റെ വിവിധ വശങ്ങൾ വിശദീകരിച്ചു.



പെൻഷൻകാരുടെ തിങ്ങി നിറഞ്ഞ സദസ്സിലായിരുന്നു അവതരണം.

## ത്രൈമാസ പൊതുയോഗവും പെൻഷൻകാരുടെ മെഡിക്കൽ ഇൻഷുറൻസ് സ്കീം ബോധവൽക്കരണ പരിപാടിയും നടത്തി, ഇടുക്കി ജില്ല യൂണിറ്റ്

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ തൊടുപുഴ റീജണൽ ഓഫീസും, എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ ഇടുക്കി ജില്ലാ യൂണിറ്റുമായി സഹകരിച്ച്, പെൻഷനേഴ്സ് മെഡിക്കൽ ഇൻഷുറൻസ് സ്കീമുകേള്ളപ്പറ്റി ഒരു ബോധവൽക്കരണപരിപാടി 07-02-2020 ൽ തൊടുപുഴ റീജണൽ ഓഫീസ് കോൺഫറൻസ് ഹാളിൽ വച്ചു നടത്തപ്പെടുകയുണ്ടായി .



റീജണൽ മാനേജർ ശ്രീ. മാർട്ടിൻ ജോസ് ഉൽഘാടനം കർമ്മം നിർവഹിച്ചു. ഡെ.ജനറൽ സെക്രട്ടറി ശ്രീ. ജോസഫ് പാലയ്ക്കൽ, ജില്ല പ്രസിഡന്റ് ശ്രീ റ്റി.ജെ. ജോസഫ്, ക്യാപ്റ്റൻ പ്രേം ജി നാഥ് എന്നിവരേയും കാണാം

ആർ ബി ഓ, ചീഫ് മാനേജർ (എച്ച്. ആർ.) ശ്രീ. സുൽഫിക്കർ എ. റഹീം സ്വാഗതം ആശംസിച്ചു. റീജണൽ മാനേജർ ശ്രീ. മാർട്ടിൻ ജോസ് ഉൽഘാടനം കർമ്മം നിർവഹിച്ച ഈ പ്രോഗ്രാമിൽ, ഡെ.ജനറൽ സെക്രട്ടറി ശ്രീ. ജോസഫ് പാലയ്ക്കൽ ആമുഖ പ്രഭാഷണം നടത്തി.



തുടർന്ന് അസിസ്റ്റന്റ് ജനറൽ സെക്രട്ടറി ക്യാപ്റ്റൻ പ്രേം ജി നാഥ് സ്കീമുകളേപ്പറ്റി വിശദമായി ക്ലാസ്സ് എടുത്തു.




സദസ്സിന്റെ ഒരു ദൃശ്യം

## ത്രൈമാസ പൊതുയോഗം

ബോധവൽക്കരണ പരിപാടിക്ക് ശേഷം അതേ വേദിയിൽ വച്ച്തന്നെ എസ്.ബി.ഐ. പെൻഷണേഴ്സ് അസോസിയേഷൻ ഇടുക്കി ജില്ല യൂണിറ്റിന്റെ ത്രൈമാസ പൊതുയോഗവും നടത്തപ്പെടുകയുണ്ടായി. ജില്ല പ്രസിഡന്റ് ശ്രീ റ്റി.ജെ. ജോസഫ് അദ്ധ്യക്ഷത വഹിച്ച യോഗം, ഡെ.ജനറൽ സെക്രട്ടറി ശ്രീ. ജോസഫ് പാലയ്ക്കൽ ഉൽഘാടനം ചെയ്തു. ക്യാപ്റ്റൻ പ്രേം ജി നാഥ് മുഖ്യപ്രഭാഷണം നടത്തി.

## പാലായിലെ ഏരിയ കമ്മറ്റി യോഗം

നമ്മുടെ അസോസിയേഷന്റെ പാലാ ഏരിയ കമ്മിറ്റിയുടെ ഒരു യോഗം ഫെബ്രുവരി 8 ന് ശനിയാഴ്ച വൈകിട്ട് 3.30 മണിക്ക് എസ്.ബി.ഐ. മെയിൻ ബ്രാഞ്ചിൽ കൂടി. ഇത് വരെ ഉള്ള അസോസിയേഷൻ പ്രവർത്തനങ്ങളെക്കുറിച്ചും പ്രധാനമായി നമ്മുടെ മെഡി ക്ലെയിം ഇൻഷുറൻസി നെക്കുറിച്ചും നമ്മുടെ പ്രസിഡന്റ്, ഡെ.ജനറൽ സെക്രട്ടറി തുടങ്ങിയവർ സംസാരിച്ചു. കൺവീനർ ശ്രീ ജോസഫ് ജോൺ അദ്ധ്യക്ഷത വഹിച്ചു.



എസ്.ബി.ഐ.പെൻഷനേഴ്സ് അസ്സോസിയേഷൻ പാലാ ഏരിയ കമ്മിറ്റി കൺവീനർ ശ്രീ ജോസഫ് ജോൺ അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു.

ഈശ്വര പ്രാത്ഥനയോടെ യോഗം ആരംഭിച്ചു. ശ്രീ ജോഷി വെട്ടുകാട്ടിൽ സ്വാഗതം പറഞ്ഞു. തുടർന്ന് ജോസഫ് ജോൺ അദ്ധ്യക്ഷ പ്രസംഗം നടത്തി.കൂടുതൽ പ്രവർത്തകരുടെ സാന്നിദ്ധ്യം പ്രതിക്ഷിച്ചരുന്നു. ഇതിന് മുൻപ് യോഗം വിവിധ കാരണങ്ങൾ കൊണ്ട് മാറ്റിവെയ്ക്കേണ്ടി വന്നിട്ടുണ്ടെന്നും ഇനി കൃത്യമായി യോഗങ്ങൾ നടത്താൻ ശ്രമം ഉണ്ടാകുമെന്നും അറിയിച്ചു. ബാങ്കിനെ പ്രതിനിധികരിച്ചുകൊണ്ടു റിലേഷൻഷിപ് മാനേജർ ശ്രീ ബിജോയ് കോലടി പങ്കെടുത്തു.



റിലേഷൻഷിപ് മാനേജർ ശ്രീ ബിജോയ് കോലടി സംസാരിക്കുന്നു. വേദിയിൽ ഇടത്തു നിന്ന് എം ജി രാഘവൻ , ശ്രീ ജോസഫ് ജോൺ, പി എം ജേക്കബ്, മാത്യു അടക്കമുണ്ടയ്ക്കൽ,

ബാങ്കിൽ നിന്ന് വിരമിച്ചവർക്ക് പലപ്പോഴും വേണ്ട സേവനവും പരിഗണനയും കിട്ടുന്നുണ്ടോയെന്ന് സംശയമാണ് . അതിന് ഒരു മാറ്റം വരുത്താൻ തമ്മിൽ കൂടുതൽ ആശയ വിനിമയം വേണമെന്നും പറഞ്ഞു. ഇതുപോലുള്ള യോഗങ്ങൾ അവശ്യമാണെന്നും നില വിൽ ഒരു പെൻഷ്ണറെ തിരിച്ചറിയുന്നതിനു പോലും സ്റ്റാഫിന് കഴിയാത്തത് പരസ്പരം ഇടപെടുവാനുള്ള അവസരങ്ങൾ ഇല്ലാത്തതുകൊണ്ടാണെന്നും അദ്ദേഹം പറഞ്ഞു. ബാങ്കിൽ നടപ്പിലാക്കികൊണ്ടിരുക്കുന്ന പുതിയ സാങ്കേതിക വിദ്യകളെപ്പറ്റി അറിവുണ്ടാകാൻ ബോധൽക്കരണ യോഗങ്ങൾ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ സഹപ്രവർത്തകർ പുതിയ ഡിജിറ്റൽ ഇടപാടുകൾ വിശദീകരിച്ച് ഒരു ഡെമോൺ ട്രേഷനും നടത്തുകയു ായി. ജില്ലാ പ്രസിഡന്റ് പാലാ ഏരിയയിലെ മാതൃക പ്രവർത്തനത്തിന് അംഗങ്ങളെ അഭിനന്ദിച്ചു. ജില്ലാ കേന്ദ്രത്തിൽ നിന്ന് തരുന്ന എല്ലാ നിർദ്ദേശങ്ങളും നടപ്പിലാക്കാൻ ഉത്സാഹം കാണിക്കുന്ന ഒരു നല്ല യൂണിറ്റാണ് പാലായെന്നു അഭിപ്രായപ്പെട്ടു. ജില്ലാ സെക്രട്ടറി ശ്രീ പി എം ജേക്കബും സംഘടനാ സംബന്ധമായ കാര്യങ്ങൾ വിശദികരിച്ചു .പുതിയ അംഗങ്ങളെ യോഗത്തിനു പരിചയപ്പെടുത്തി.

## പാലായിലെ ഇൻഷുറൻസ് സ്കീം ബോധവൽക്കരണ പരിപാടി



ഡെപ്യൂട്ടി ജനറൽ സെക്രട്ടറിശ്രീ. മാത്യു അടയ്ക്കമു യ്ക്കൽ ഇൻഷുറൻസ് സ്കീമിനെ പറ്റി വിശദമായി ക്ലാസ്സ് എടുത്തു.

അതിന് ശേഷം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടയ്ക്ക മുണ്ടയ്ക്കൽ മെഡിക്കൽ ഇൻഷുറൻസ് സ്കീമിനെ പറ്റിയും അതിന്റെ പ്രത്യേകതകളും വിവരിച്ചു. കഴിയുന്നത്ര പ്രവർത്തകർ പ്രത്യേകിച്ച് പോളിസി എ യിൽ ബാലൻസ് കുറവുള്ളവരും ഒരു സ്കീമിൽ ചേരാത്തവരും പുതിയ ഇൻഷുറൻസ് സ്കീമിൽ ചേരുന്നതാണ് നല്ലതെന്നു അഭിപ്രായപ്പെട്ടു. തുടർന്ന് ലൈഫ് സർട്ടിഫിക്കറ്റ് ഡിജിറ്റലായി കൊടുക്കാൻ പറ്റുന്ന പുതിയ സാങ്കേതിയ വിദ്യയെ ബാങ്കിലെ ഉദ്യോഗസ്ഥർ പരിചയപ്പെടുത്തി. ഓപ്പൺ സെഷനിൽ പ്രവർത്തകരുടെ സംശയങ്ങൾക്ക് ജില്ലാ പ്രസിഡന്റ് മറുപടി പറഞ്ഞു.പറഞ്ഞു. AGS ശ്രീ രാജ് മോഹനൻ നായർ എല്ലാവർക്കും നന്ദി പറഞ്ഞു പ്രത്യേകിച്ച് നമ്മുക്ക് ബ്രാഞ്ചിൽ യോഗം കൂടാൻ സൗകര്യം ചെയ്തുതന്നതിന് ബ്രാഞ്ച് ചീഫ് മാനേജർക്കും റീജിയണൽ മാനേജർക്കും നന്ദി പറഞ്ഞു.



## എസ്. ബി. ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ ഏറ്റുമാനൂർ ഏരിയാ സമ്മേളനം

എസ്. ബി. ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ ഏറ്റുമാനൂർ ഏരിയാ സമ്മേളനം 9.2.2020 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഏറ്റുമാനൂർ വ്യാപാരഭവൻ ഹാളിൽ വെച്ച് കൺവീനർ ശ്രീ സി പി മാത്യുവിന്റെ അധ്യക്ഷതയിൽ കൂടി.

ജോയിൻ കൺവീനർ ശ്രീ എം പി പുഷ്കരൻ സ്വാഗതം പറഞ്ഞു.



സ്വാഗതം ആശംസിച്ച് സംസാരിക്കുന്ന ജോയിന്റ് കൺവീനർ ശ്രീ എം പി പുഷ്കരൻ . സംസ്ഥാന കമ്മറ്റിയംഗം ശ്രീമതി. റൈസാ ബീഗം, ജില്ലാ സെക്രട്ടറി പി.എം.ജേക്കബ്ബ്, ഏരിയ കൺവീനർ ശ്രീ.സി.പി.മാത്യു. ജില്ലാ പ്രസിഡന്റ് എം.ജി.രാഘവൻ എന്നിവരേയും കാണാം.

അധ്യക്ഷ പ്രസംഗത്തിൽ, ഈ കാലഘട്ടത്തിലെ പ്രവർത്തനങ്ങളെ പറ്റി കൺവീനർ പ്രതിപാദിച്ചു .



അദ്ധ്യക്ഷ പ്രസംഗം നടത്തുന്ന ഏരിയ കൺവീനർ ശ്രീ.സി.പി.മാത്യു.

എല്ലാ മാസവും മുടങ്ങാതെ ശ്രീ ജോർജ് ജോസഫ് പി യുടെ കെട്ടിടത്തിൽ വെച്ചു എക്സിക്യൂട്ടീവ് കമ്മിറ്റി ചേരുകയും കമ്മിറ്റിയുടെ തീരുമാനപ്രകാരം ഭവന സന്ദർശനവും രോഗീ സന്ദർശനവും മെമ്പർമാരുടെ ക്ഷേമാന്വേഷണങ്ങളും,

അവർക്കാവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുക മുതലായ പ്രവർത്തനങ്ങളും നടന്നുപോരുകയും ചെയ്യുന്നു.



ജില്ലാ പ്രസിഡന്റ് ശ്രീ എം.ജി. രാഘവൻ അദ്ദേഹത്തിന്റെ മുഖ്യ പ്രഭാഷണത്തിൽ, സംഘടനയുടെ പ്രവർത്തനങ്ങളെ പറ്റിയും സൊസൈറ്റിയുടെ വളർച്ചയെപ്പറ്റിയും പ്രതിപാദിച്ചു .

തുടർന്ന് ജില്ലാ സെക്രട്ടറി ശ്രീ പി എം ജേക്കബ് പ്രവർത്തകരെ അഭിസംബോധനചെയ്ത് സംസാരിച്ചു. ഏറ്റുമാനൂർ എരിയ കമ്മിറ്റിയുടെ പ്രവർത്തനം മറ്റുള്ളവർക്കും അനുകരിക്കാവുന്നതാണെന്ന് പറഞ്ഞു. പുതിയ മെംബർമാരെ സ്വാഗതം ചെയ്തു. പുതിയ മെമ്പർ ശ്രീ ബാബു ടി. സി. മറുപടി പറഞ്ഞു.



ഡി ജി എസ് ശ്രീ മാത്യു അടയ്ക്കാമുണ്ടക്കൻ

ഡി ജി എസ് ശ്രീ മാത്യു അടയ്ക്കാമുണ്ടക്കൻ പുതിയതും പഴയതുമായ ഇൻഷുറൻസ് സ്കീമുകളെ പറ്റി വളരെ വിശദമായി സംസാരിക്കുകയും മെമ്പർമാരുടെ സംശയങ്ങൾ ദുരീകരിക്കുകയും ചെയ്തു.

.



ഏറ്റുമാനൂർ ഏരിയ കമ്മറ്റി നടത്തിയ മെഡിക്കൽ ബെനിഫിറ്റ് സ്കീം വർക്ക് ഷോപ്പിൽ കോട്ടയം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ.മാത്യു അടയ്ക്കമുണ്ടയ്ക്കൽ ക്ലാസ്സ് എടുക്കുന്നു.

സ്റ്റേറ്റ് കമ്മിറ്റി മെമ്പർ ശ്രീമതി റയിസാ ബീഗം ഇന്നത്തെ സമരോജ്വല സാഹചര്യത്തിൽ സംഘടനയെ ശക്തിപ്പെടുത്തുന്നതിന്റെ ആവശ്യകതയെ പറ്റിയും പുതിയ മെംബെർമാരെ ചേർക്കുവാനും ഓരോ മെംബെറിന്റെയും ആവശ്യങ്ങൾ അറിഞ്ഞു അവരെ സഹായിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുവാനും ഓരോരുത്തരും ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. മുൻ സംസ്ഥാന വൈസ് പ്രസിഡന്റ് ശ്രീ ആന്റണി ഡിക്കോട്ട സന്നിഹിതനായിരുന്നു . ശ്രീ ടോമി ചക്കാലയ്ക്കൽ, പി ഡി തോമസ്, കെ എം ജോസഫ് , ശ്രീമതി ഡെയ്സി, മേരിമോൾ, ശ്രീ അലക്സ് , തങ്കച്ചൻ വേമ്പേനി തുടങ്ങിയവർ ചർച്ചയിൽ സംസാരിക്കുകയും കമ്മിറ്റി അംഗം ശ്രീമതി.ടി. ശോഭയുടെ നന്ദിയോടെ യോഗം പൂർണമാകുകയും ചെയ്തു.

## കാഞ്ഞിരപ്പള്ളി ഏരിയ കമ്മറ്റി ത്രൈമാസ യോഗവും പെൻഷനേഴ്സ് മെഡിക്കൽ ഇൻഷുറൻസ് സ്കീം ബോധവൽക്കരണ പരിപാടിയും നടത്തി

കാഞ്ഞിരപ്പള്ളി ഏരിയ മീറ്റിംഗ് 11/2/2020 ചൊവ്വാഴ്ച ,കാഞ്ഞിരപ്പള്ളി എസ് ബി ഐ മെയിൻ ബ്രാഞ്ചിലെ ഹാളിൽ ഉച്ച കഴിഞ്ഞ് 3 മണിക്ക് നടത്തി . ശ്രീ വാസുദേവൻ പിള്ള അദ്ധ്യക്ഷത വഹിച്ചു. ഏരിയ കൺവീനർ ശ്രീ കെ വി ജോർജ് സ്വാഗതവും ജില്ലാ പ്രസിഡന്റ് ശ്രീ എം.ജി. രാഘവൻ മുഖ്യ പ്രഭാഷണവും നടത്തി. കോട്ടയം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ മാത്യു അടയ്ക്കാമുണ്ടയ്ക്കൽ മെഡിക്കൽ ഇൻഷുറൻസ് സ്കീമിനെപ്പറ്റി ഒരു അവലോകനം നടത്തി.

തുടർന്ന് പുതിയ മെമ്പർമാരെ പരിചയപ്പെടുത്തി.. ഏരിയ കമ്മിറ്റി സജീവമാക്കുന്നതിനും പുതിയ മെമ്പർമാരെ ചേർക്കുന്നതിനും അംഗങ്ങളുടെ അഭിപ്രായങ്ങൾ ആരാ ഞ്ഞു. അതിൽ ശ്രീ ഗോപിക്കുട്ടൻ നായർ, ശ്രീ സണ്ണി വെട്ടം, ശ്രീ ഫിലിപ്പ്സ് വർക്കി, ശ്രീ ടോംസ് ജോസഫ് ,ശ്രീമതി എൽസിക്കുട്ടി, ശ്രീമതി ശാന്തമ്മ എന്നിവർ ക്രിയാത്മകമായ ചില നിർദ്ദേശങ്ങൾ മുന്നോട്ടു വെച്ചു. അതനുസരിച് കൂടുതൽ ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് നിർവഹണ സിമിതി രൂപീകരിച്ചു.



സദസ്സിന്റെ ഒരു ദൃശ്യം

ഉടനെ തന്നെ എക്സിക്യൂട്ടീവ് കമ്മിറ്റി കുടി ഭവന സന്ദർശനം ഉൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരി ക്കുവാനും തീരുമാനിച്ചു. ഏപ്രിൽ മാസത്തിൽ ഒരു ജനറൽ ബോഡി സംഘടിപ്പിക്കാനും തീരുമാനം എടുത്തു.

യോഗത്തിൽ വെച്ച് ചീഫ് മാനേജർ ആയി റിട്ടയർ ചെയ്ത ശ്രീ. സണ്ണി വെട്ടത്തിന്റെ അംഗത്വത്തിനുള്ള അപേക്ഷ സ്വികരിച്ചു. സംഘടനാ സംബന്ധമായ കാര്യങ്ങളെപ്പറ്റിയും പെൻഷൻ സംബന്ധമായ കോടതിയിലുള്ള കേസുകളെപ്പറ്റിയും പ്രസിഡന്റ് ശ്രീ എം. ജി. രാഘവൻ വിശദികരിക്കുകയും പ്രവർത്തകരുടെ സംശയങ്ങൾക്ക് മറുപടി പറയുകയും ചെയ്തു. ജോയിന്റ് കൺവീനർ ശ്രീ പാപ്പച്ചൻ എല്ലാ നേതാക്കൾക്കും പ്രവർത്തകർക്കും നന്ദി പറഞ്ഞു



എസ്.ബി.ഐ. കാഞ്ഞിരപ്പള്ളി ശാഖയിൽ വച്ച് നടത്തിയ മെഡിക്കൽ ബെനിഫിറ്റ് സ്കീം വർക്ക് ഷോപ്പിൽ ജോയിന്റ് കൺവീനർ ശ്രീ.പാപ്പച്ചൻ സംസാരിക്കുന്നു. അദ്ധ്യക്ഷൻ ശ്രീ.വാസുദേവൻ പിള്ള, ജില്ലാ പ്രസിഡന്റ് ശ്രീ എം.ജി. രാഘവൻ, കോട്ടയം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കമു യ്ക്കൽ എന്നിവരേയും കാണാം.



കാഞ്ഞിരപ്പള്ളി ഏരിയ കമ്മറ്റി നടത്തിയ മെഡിക്കൽ ബെനിഫിറ്റ് സ്കീം വർക്ക് ഷോപ്പിൽ കോട്ടയം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ശ്രീ. മാത്യു അടയ്ക്കമു യ്ക്കൽ വിശദമായി ക്ലാസ്സ് എടുക്കുന്നു..



കാഞ്ഞിരപ്പള്ളിയിലെ ഏരിയാ കമ്മറ്റി യോഗത്തിൽ പങ്കെടുത്തവർ.

## കോട്ടയം I &II ഏരിയ കമ്മറ്റികളുടെ ത്രൈമാസ യോഗവും പെൻഷനേഴ്സ് മെഡിക്കൽ ഇൻഷുറൻസ് സ്കീം ബോധവൽക്കരണ പരിപാടിയും നടത്തി

കോട്ടയം എരിയ ഒന്നിന്റെയും രണ്ടിന്റെയും സംയുക്ത യോഗം 21/2/2020 വെള്ളിയാഴ്ച്ച രാവിലെ 10.30 മണിയ്ക്ക ആരംഭിച്ചു. ശ്രീ ഈശോ ചെറിയാൻ അദ്ധ്യക്ഷത വഹിച്ചു. മൌന പ്രാർത്ഥനക്ക് ശേഷം ശ്രീ .കെ. ജെ. വർഗീസ് സ്വാഗതം ആശംസിച്ചു.



കോട്ടയം എരിയ ജോയിന്റ് കൺവീനർ ശ്രീ. കെ. ജെ. വർഗീസ് സ്വാഗതം ആശംസിക്കുന്നു.

ശ്രീ സി.എസ്. ടോമിയുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിയും പരേതാത്മാവിന് നിത്യശാന്തി നേർന്നു. ആദരസൂചകമായി ഒരു മിനിട്ട് മൌനപ്രാർത്ഥന നടത്തി. ശ്രീ സി.എസ്. ടോമി എല്ലാവ രോടും സൗമ്യയ്തോടെ മാത്രമേ പെരുമാറിയിട്ടുള്ളു. എല്ലാവര്ക്കും അദ്ദേഹം പ്രിയങ്കരനായിരുന്നു എന്നും വർഗീസ് പറഞ്ഞു. കോട്ടയം ഏരിയകളിലെ പ്രവർത്തനം അല്പം മന്ദിഭവിച്ചിടുണ്ടോയെന്നു ഒരു തോന്നൽ ഉണ്ടെന്നും അദ്ദേഹം സൂചിപ്പിച്ചു. പ്രവർത്തകരെ എല്ലാം അറിയിച്ചിരുന്നെകിലും പലരും എത്തിച്ചേർന്നില്ലായെന്നും പറഞ്ഞു . തുടർന്നു ശ്രീ ഈശോ ചെറിയാൻ വർഗീസ് പറഞ്ഞതിന്റെ ചുവടു പിടിച്ചുകൊണ്ട് സംസാരിച്ചു.മാസം തോറും നടക്കേണ്ട എക്സിക്യൂട്ടീവ് മീറ്റിംഗ്സ് നടത്താൻ സാധിച്ചില്ല, ഭവന സന്ദർശനം ആരംഭിയ്ക്കേണ്ടിയിരിക്കുന്നു. എല്ലാവരുടെയും സഹകാരണം അദ്ദേഹം അഭ്യർത്ഥിച്ചു. തുടർന്ന് റിപ്പോർട്ടുകൾ അവതരിപ്പിച്ചു, ഏരിയാ രണ്ടിനുവേണ്ടി എക്സിക്യൂട്ടീവ് അംഗം ശ്രീ. രഘുകുമാർ റിപ്പോർട്ട് വായിച്ചു.



അതിനുശേഷം ശ്രീ ഡിസ്ട്രിക്ട് സെക്രട്ടറി പി എം ജേക്കബ് സംഘടന സംബന്ധമായ കാര്യങ്ങൾ വിവരിച്ചു. എല്ലാ ഏരിയ യോഗങ്ങൾ കുടിക്കഴിഞ്ഞു . സാമാന്യം നല്ല

സാന്നൃദ്ധ്യം എല്ലായിടത്തും ഉണ്ടായിരുന്നു വെന്നും അദ്ദേഹം പറഞ്ഞു.



ശ്രീ മാത്യു അടക്കമുണ്ടക്കൽ ആനുകാലിക സംഭവങ്ങൾ വിവരിച്ചു. Structured മീറ്റിംഗിൽ നടന്ന ചർച്ചകളുടെ വിശദംശങ്ങൾ എല്ലാവരുമായി പങ്കു വെച്ചു. അഡ് മിനിസ്ട്രേറ്റീവ് ഓഫീസിൽ നമ്മുടെ ഒരു ഓഫീസ് പ്രവർത്തിക്കുവാനാവശ്യമായ ഒരിടം തരപ്പെടുത്താനു ള്ള ശ്രമം ആരംഭിച്ച വിവരം അംഗങ്ങളെ അറിയിച്ചു. മെഡിക്കൽ ഇൻഷുറൻസ് സ്കീമിനെ സംബന്ധിച്ചു അംഗ ങ്ങളുടെ സംശയങ്ങൾക്ക് മറുപടി പറഞ്ഞു.അതിനുശേഷം സ്റ്റേറ്റ് കമ്മിറ്റി മെമ്പർ ശ്രീമതി. റൈസാ ബീഗം സംസാ രിച്ചു . ജില്ലാ പ്രസിഡന്റ് ശ്രീ. രാഘവൻ സംഘടനയ്ക്കും സംഘത്തിനും ശ്രീ ടോമി നൽകിയ വലിയ സഹകരണത്തെ അനുസ്മരിച്ചുകൊണ്ട് സംസാരിച്ചു. നമ്മുടെ സംഘത്തിൽ ഏറ്റവും വലിയ ഷെയർ എടുത്തത് ശ്രീ ടോമിയായിരുന്നു എന്ന് അദ്ദേഹം ഓർമിച്ചു. ഓപ്പൺ സെഷനിൽ ശ്രീ ജയറാം ശ്രീ. പണിക്കർ തുടങ്ങി പലരും സംഘടന പ്രവർത്തന ങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് ചില നിർദ്ദേശങ്ങൾ മുന്നോട്ടുവെച്ചു. അസ്സോസിയേഷനിൽ അംഗത്വമെടു ക്കാത്തവരെ സംഘടനയിലേക്ക് കൊണ്ടുവരുന്നതിന് എല്ലാ സഹകരണവും ഉണ്ടാകുമെന്ന് പറഞ്ഞു. അംഗങ്ങളുടെ സംശയങ്ങൾക്ക് ജില്ലാ പ്രസിഡന്റ് മറുപടി പറഞ്ഞു.ശ്രീ വി.ആർ.ബാലകൃഷ്ണൻ നന്ദി പ്രമേയം അവതിരിപ്പിച്ചു. ഒരു മണി യോട് കുടി യോഗം അവസാനിച്ചു.

**പോളിസി-ബിയിൽ ചേരാനുള്ള അവസാന തിയതി 15.03.2020 വരെ ദീർഘിപ്പിച്ചു.**

## എസ്.ബി.ഐയിൽ നിന്നും വിരമിച്ചവരുടെ ശ്രദ്ധക്ക്

എസ്.ബി.ഐ. ഹെൽത്ത് അസിസ്റ്റ് എന്ന മെഡിക്കൽ ഇൻഷുറൻസ് സ്കീമിൽ ചേരാൻ 15/3/2020 വരെ അവസരം ഉണ്ടെന്ന വിവരം അറിഞ്ഞുകാണുമല്ലോ . കോട്ടയം ജില്ലയിൽ 1600 ഇൽ പരം റിട്ടയറീസ് ഉണ്ടെങ്കിലും മെഡിക്കൽ ഇൻഷുറൻസ് സ്കീമിൽ ചേരാതെ വളരെ അധികം സുഹൃത്തുക്കൾ മാറി നിൽപ്പുണ്ട്. ഒരു പക്ഷെ അവരിൽ പലരും പ്രത്യേകിച്ച് ഫാമിലി പെൻഷനേഴ്സ് ഈ സ്കീമിനെപ്പറ്റി അറിഞ്ഞിട്ടുണ്ടാവില്ല. നമ്മളെ സംബന്ധിച്ചടത്തോളും നല്ല ഒരു മെഡിക്കൽ ഇൻഷുറൻസ് പദ്ധതി ആണ്. ഈ ചാൻസ് നഷ്ട്ടപെടുത്തിയാൽ പിന്നെ ഒരവസരം കിട്ടിയെന്ന് വരുകയില്ല. **esbt** യിൽ REMBS ഇൽ നിലവിൽ ബാലൻസ് ഉള്ള, ലയനത്തിന് മുൻപുള്ളവർ/ ഒരു സ്കീമിലും ചേരാത്തവർ ഇതിൽ ചേരുന്നത് നല്ലതാണ്. കാരണം :

1) മെഡിക്കൽ ഇൻഷുറൻസ്ന്റെ ആനുകുല്യങ്ങൾ ലഭിക്കും, ക്യാഷ്‌ലെസ്സ് സൗകര്യം എല്ലാ പ്രധാനപ്പെട്ട ആശുപത്രിയിലും, മിക്ക അസുഖങ്ങൾക്കും പരിരക്ഷ കിട്ടും

2) REMBS ന്റെ ബാലൻസ് തുക ആയുഷ്ക്കാലം കിടക്കും, എപ്പോൾ വേണമെങ്കിലും അതിനെ ആശ്രയിക്കാം

4) 9 ലക്ഷം ത്തിന്റെ പരിരക്ഷക്ക് നമ്മൾ അടക്കുന്നത് 19520/ രൂപ , 70 വയസ്സ് തികഞ്ഞവർക്കു 8271/- രൂപ സബ്‌ഡിഡി ആയി തരുന്നു. എല്ലാ ഫാമിലി പെൻഷൻ കാർക്കും സബ്സിഡി ലഭിക്കും.

കൂടുതൽ വിവരങ്ങൾ അറിയുവാൻ മേൽപ്പറഞ്ഞ യോഗത്തിൽ പങ്കെടുക്കുക . സംഘടനയിൽ മെമ്പർഷിപ് വേണമെന്ന് ഒരു നിർബന്ധമില്ല. അപേക്ഷ ഫോം ഹാളിൽ ലഭിക്കും .നമ്മളിൽ ഒരാൾക്കും ഇതിന്റെ പ്രയോജനം അറിയാത്തതുകൊണ്ട് ചേരാതെ മാറിനിൽക്കാൻ ഇടവരരുത് .
താല്പര്യമുള്ളവർ വിളിക്കുക

**1) ശ്രീ Easo Cherian 94964 13061**
**2) Pushkaran 94471 33868**
**3) Sri Raisa Beegum 94471 09073**
**4) Sri VRB 9645099739**

## മുന്ന് ലക്ഷത്തിൽ താഴെ ബാലൻസ് ഉള്ളവർക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ

1) ഇൻഷുറൻസ് സ്കീമിന്റെ പ്രയോജനം ലഭിക്കത്തില്ല

2) 24 മണിക്കൂർ കൂടുതൽ ആശുപത്രിയിൽ മിക്കരോഗ ചികിത്സ യ്ക്ക് പ്രവേശിച്ചാൽ കിട്ടുന്ന ക്യാഷ്‌ലെസ്സ് അഥവാ reimbursement സൗകര്യം നിന്ന് പോകും. ഇൻഷുറൻസ് സ്കീമിൽ Chemo , ഡയാലിസിസ്, തിമിരത്തിനുള്ള ഓപ്പറേഷൻ ഇവക്ക് ഏതാനും മണിക്കുറുകൾ ആശുപത്രിയിൽ ചിലവഴിച്ചാലും മതി. എല്ലാ പേരുകേട്ട ആശുപത്രികളിൽ ചികത്സ തേടാനും സാധിക്കുമായിരുന്നു

3) REMBS ഇൽ 21 ഗുരുതര അസുഖങ്ങൾക്ക് ആശുപത്രയിൽ കിടന്നുള്ള ചികത്സയ്ക്ക് മാത്രമേ ചിലവായ തുക ബാങ്കിൽ നിന്ന് തിരികെ തരുകയുള്ളു. അതിന് ബാങ്കിൽ ബിൽ കൊടുത്തു് കാത്തിരിക്കണം

4) എസ് ബി ഐ ഹെൽത്ത് അസിസ്റ്റിൽ ചേർന്നാൽ 3 ലക്ഷം രൂപയുടെ പരിരക്ഷയ്ക്കൊപ്പം ബാങ്കിന്റെ സൗജന്യമായി 6 ലക്ഷം പരിരക്ഷ , മൊത്തം 9 ലക്ഷം , ഇൻഷുറൻസ് സ്കീമിന്റെ എല്ലാ പ്രയോജനങ്ങളും ലഭിക്കും . അതേസമയം REMBS ന്റെ ബാലൻസ് ആയുഷ്ക്കാലം നിലനിൽക്കും എടുത്താൽ മാത്രമേ കുറയുകയുള്ളു. ഇൻഷുറൻസ് സ്കീമിന്റെ പ്രീമിയം തുക ,മുന്ന്

വർഷത്തിന് ശേഷം കുടുന്നപക്ഷം നമുക്ക് REMBS ഇൽ ആശ്രയിക്കാം, ഇൻഷുറൻസ് വേണ്ടെന്ന് വെയ്ക്കാം

5) 70 വയസ്സ് ആകുന്നതോടുകൂടി 8271 രൂപയുടെ സബ്സിഡി ബാങ്ക് അക്കൗണ്ടിൽ ഇട്ടു തരുന്നു. 9 ലക്ഷം ഇൻഷുറൻസ് ന് നമ്മുടെ മുടക്ക് 10799 രൂപ

## എസ്.ബി.ഐ. മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗം



എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ ആലപ്പുഴ/കോട്ടയം ജില്ലാ കേന്ദ്രം ഭാരവാഹികൾ എസ്.ബി.ഐ. മാനേജ്മെന്റുമായി നടത്തിയ ത്രൈമാസ ചർച്ചാ യോഗത്തിൽ നിന്ന്. ചർച്ചകൾക്ക് നേതൃത്വം കൊടുക്കുന്ന കോട്ടയം ഡെ. ജനറൽ മാനേജർ ശ്രീ. ജയതീർത്ഥ ജൈനാപൂർ മദ്ധ്യത്തിൽ.



എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ ആലപ്പുഴ/കോട്ടയം പ്രതിനിധികളും ബാങ്ക് മാനേജ്മെന്റ് പ്രതിനിധികളും മുഖാമുഖം.



ബാങ്കിനെ പ്രതിനിധീകരിച്ച് ചർച്ചയിൽ പങ്കെടുത്തവർ

## അനുമോദനങ്ങൾ!!

അമേരിക്കയിലെ ഇന്റർ നാഷണൽ കോൺഗ്രസ് ഓഫ് ഇമ്പ്ളാന്റോളൊജിസ്റ്റ്സ് ഫെലോഷിപ് നേടിയ ഡോ.ഫൈസ് അൻസാരി. എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവും സ്റ്റേറ്റ് കമ്മറ്റി മെബറുമായ റൈസാ ബീഗത്തിന്റെയും അതിരമ്പുഴ രഹനാസിൽ കെ.ഇ. അൻസാരിയുടെയും മകനാണ്. അനുമോദനങ്ങൾ!!



ഡോ.ഫൈസ് അൻസാരി


പെൻഷൻ വർധന വാങ്ങൽശേഷി വർധിപ്പിക്കും: പി രാജീവ്

## വൈക്കം ഏരിയാ എക്സിക്യൂട്ടീവ് കമ്മറ്റി യോഗം

വൈക്കം ഏരിയാ എക്സികട്ടീവ് കമ്മറ്റി യോഗം വൈക്കം ഏരിയാ കമ്മിറ്റി അംഗം ശ്രീമതി. റ്റി.സ്വർണകുമാരിയുടെ കാട്ടിക്കുന്നിലുള്ള വസതിയിൽ വച്ച് 22.02.2020 ൽ വൈക്കം ഏരിയാ കമ്മിറ്റി കൺവീനർ ശ്രീ.പി. പി. ഫിലിപ്പിന്റെ അദ്ധ്യക്ഷതയിൽ കൂടി.



ജോയിന്റ് കൺവീനർ ശ്രി.ഡി.കെ. രാജഗോപാൽ കഴിഞ്ഞ യോഗത്തിന്റെ മിനിട്സ് അവതരിപ്പിക്കുന്നു.



ജോയിന്റ് കൺവീനർ ശ്രി.ഡി.കെ. രാജഗോപാൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷൻ കോട്ടയം ജില്ലാ പ്രസിഡന്റ് ശ്രി.എം.ജി.രാഘവൻ, കമ്മറ്റി അംഗം ശ്രീ.കെ.റ്റി. ജോസഫ് എന്നിവരും പങ്കെടുത്തു. ശ്രീമതി സ്വർണകുമാരി സൊസൈറ്റി അംഗത്വം എടുത്തു. പുതിയ ഇൻഷുറൻസ് പദ്ധതി, മാനേജുമെന്റുമായുള്ള ത്രൈമാസ ചർച്ചകളുടെ വിവരങ്ങൾ തുടങ്ങിയവ ജില്ലാ പ്രസിഡന്റ് എം.ജി.രാഘവൻ വിശദീകരിച്ചു.



കമ്മറ്റി അംഗം ശ്രീ. ജോസഫ്പള്ളിയിൽ കൃതൃഞ്ജത രേഖപ്പെടുത്തുന്നു. കമ്മറ്റി അംഗം ശ്രീ.കെ.റ്റി. ജോസഫ് , അദ്ധ്യക്ഷൻ ശ്രീ.പി. പി. ഫിലിപ്പ്, കമ്മറ്റി അംഗം റ്റി.സ്വർണകുമാരി തുടങ്ങിയവരേയും കാണാം.

## വൈയ്ക്കം ഏരിയാ സെന്ററിന്റെ ഭവന സന്ദർശന പരിപാടി

വൈയ്ക്കം ഏരിയാ സെന്ററിന്റെ ഭവന സന്ദർശനത്തിന്റെ ഭാഗമായി ഏരിയ കമ്മിറ്റിയിലെ ക്ഷീണിതനായിരിക്കുന്ന ആദ്യകാല പ്രവർത്തകൻ

കേശവൻനായരെ ഭവനത്തിലെത്തി സന്ദർശിച്ച വൈയ്ക്കം ഏരിയാ സെന്ററിന്റെ നടപടി അനുകരണീയം.



വൈയ്ക്കം ഏരിയാ സെന്ററിന്റെ ഭവന സന്ദർശനത്തിന്റെ ഭാഗമായി ഏരിയ കമ്മിറ്റിയിലെ ആദ്യകാല പ്രവർത്തകനായിരുന്ന കേശവൻനായരെ ജില്ലാ പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ കമ്മിറ്റി അംഗങ്ങൾ സന്ദർശിച്ചപ്പോൾ. കമ്മറ്റി അംഗം ശ്രീ.കെ.റ്റി. ജോസഫ് , കൺവീനർ ശ്രീ.പി. പി. ഫിലിപ്പ്, എന്നിവരേയും കാണാം

## യാത്രയയപ്പ്

എസ്.ബി.ഐ.കടുത്തുരുത്തി ശാഖയിലെ മൊത്തം ജീവനക്കാരും ചേർന്ന് ശ്രീ.ലക്ഷ്മണന് ഒരുക്കിയ യാത്രയയപ്പ് സമ്മേളനത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷൻ ജില്ലാ ഭാരവാഹികൾ പങ്കെടുത്തു. ശ്രീ. ലക്ഷ്മണനെ സംഘടനയിലേയ്ക്ക് ക്ഷണിക്കുകയും ചെയ്തു.



എസ്.ബി.ഐ.കടുത്തുരുത്തി ശാഖയിലെ ശ്രീ. വി.ആർ. ലക്ഷ്മണൻ നായരുടെ റിട്ടയർമെൻറ് മീറ്റിംഗിൽ നിന്നും....

കടുത്തുരുത്തി ബ്രാഞ്ചിൽ നിന്നും റിട്ടയർ ചെയ്യുന്ന ശ്രീ. വി.ആർ. ലക്ഷ്മണൻ നായരുടെ യാത്രയയപ്പു ചടങ്ങിൽ നിന്നും...



എസ്.ബി.ഐ.സ്റ്റാഫ് ഉണിയൻ സെക്രട്ടറിയിൽ നിന്നും റിട്ടയർമെന്റ് ആശംസാ ഫലകം ഏറ്റുവാങ്ങുന്ന ശ്രീ. ലക്ഷ്മണൻ.

# കണ്ണീർ പ്രണാമം!!!

## സി.എസ്.ടോമി യാത്രയായി



സി.എസ്.ടോമിയുടെ(66) ദീപ്ത സ്മരണയ്ക്ക് മുന്നിൽ എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ
**കണ്ണീർ പ്രണാമം!!!**

കോട്ടയത്തുള്ള മാധവൻപടി കവല കഴിഞ്ഞ് ചുങ്കപ്പുര വീട്ടിലേയ്ക്ക് കാലെടുത്ത് വയ്ക്കുമ്പോൾ സുസ്മേരവദനനായി സി.എസ്.ടോമി ഇറങ്ങി വരുമെന്ന് ഒരു നിമിഷം ആശിച്ചു. എസ്.ബി.ഐ പെൻഷനേഴ്സ് അസ്സോസി

യേഷനിലെ നിരവധി അംഗങ്ങളുടെ സാന്നിദ്ധ്യത്തിലേക്കുണർന്ന മനസ്സ് പൊടുന്നനെ മരവിച്ചു പോയി. ശ്രീ. സി.പി.മാത്യു റീത്ത് കൈയ്യിലേക്ക് വച്ചു തരുമ്പോൾ കണ്ണുകൾ ഈറനണിഞ്ഞു. ഇനി ചുങ്കപ്പുര ടോമി നമ്മുടെ കൂടെയില്ല!! നെഞ്ചിലൊരു ഭാരം. ചിറകടിച്ച് കരയുന്ന പക്ഷിയേപ്പോലെ മനസ്സിലൊരു പിടച്ചിൽ. പ്രിയപ്പെട്ട ടോമീ വിട...

എം.ജി. രാഘവൻ
ജില്ലാ പ്രസിഡന്റ്

## നിര്യാതനായി
## ശ്രീ.ജോസഫ്.ജെ.ജോർജ്ജ്



**ശ്രീ.ജോസഫ്.ജെ.ജോർജ്ജ്, കീഴ്വായ്പൂർ, (71) റിട്ടയേർഡ് മാനേജർ നിര്യാതനായി.** എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുകയും ചെയ്യുന്നു.

## ആലങ്കോട്ടിൽ കൃഷ്ണൻകുട്ടി നായർ



കൃഷ്ണൻകുട്ടി നായർ

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോഴിക്കോട് യൂണിറ്റ് അംഗം വെള്ളിമാട്കുന്ന് കൃഷ്ണപ്രഭയിൽ ആലങ്കോട്ടിൽ കൃഷ്ണൻകുട്ടി നായർ (62) അന്തരിച്ചു. ഷട്ടിൽ കളിച്ച് വിശ്രമിക്കുന്നതിനിടയിൽ പെട്ടെന്ന് കുഴഞ്ഞു വീണ് അന്ത്യം സംഭവിക്കുകയായിരുന്നു.



**ആലങ്കോട്ടിൽ കൃഷ്ണൻകുട്ടി നായർ**
അദ്ദേഹത്തിന്റെ അകാല വിയോഗത്തിൽ ദുഖിതരായ കടുംബാംഗളോടൊപ്പം എസ്.ബി.ഐ.പെൻഷണേഴ്സ് അസ്സോസിയേഷനും പങ്ക് ചേരുന്നു.

## ആദരാഞ്ജലികൾ!!

# ആദരാഞ്ജലികൾ



## മറിയകുട്ടി ജോസഫ് (94)
### കൊച്ചുപുത്തൻപുരയിൽ, മാൻവെട്ടം

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം യൂണിറ്റ് അംഗം ശ്രീ.ജോർജ്ജ് ജോസഫ്.പി. യുടെ മാതാവ് മറിയക്കുട്ടി ജോസഫ് നിര്യാതയായ വിവരം വ്യസനസമേതം റിപ്പോർട്ട് ചെയ്യുന്നു. സംസ്കാരം വസതിയിലെ ശിശ്രൂഷക്ക് ശേഷം മാൻ വട്ടം സെന്റ് ജോർജ്ജ് പള്ളി സെമിത്തേരിയിൽ നടത്തി.** എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. സന്തപ്ത കടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുന്നതോടൊപ്പം പരേതാത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.

## ശ്രീമതി.മറിയാമ്മ ചാക്കോ



ശ്രീമതി.മറിയാമ്മചാക്കോ (82) റിട്ട. മുൻ എസ്.ബി.റ്റി. സ്റ്റാഫ് നിര്യാതയായി. സംസ്കാരം വസതിയിലെ ശിശ്രൂഷക്ക് ശേഷം പുതുപ്പള്ളി കാഞ്ഞിരത്തുമ്മൂട്ടിലുള്ള യഹോവ സാക്ഷികളുടെ പള്ളിസെമിത്തേരിയിൽ നടത്തി. എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. പരേതാത്മാവിന് നിത്യ ശാന്തി നേരുകയും ചെയ്യുന്നു.

## ക്യാപ്റ്റൻ പാലാട്ട് രാംദാസ്

**എസ്.ബി.ഐ.പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഏറണാകുളം യൂണിറ്റ് അംഗം, റിട്ടയേർഡ് ചീഫ് മാനേജർ ക്യാപ്റ്റൻ പാലാട്ട് രാംദാസ് (80) നിര്യാതനായി.**



എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷന്റെ അനുശോചനം അറിയിക്കുന്നു. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുകയും ചെയ്യുന്നു.

## തറവനാട്ട് രവി (73) അന്തരിച്ചു.



എസ്.ബി.ഐ. റിട്ട. മാനേജർ തറവനാട്ട് രവി (73) അന്തരിച്ചു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഏറണാകുളം യൂണിറ്റ് അംഗം. ഭാര്യ രമ, മക്കൾ രൂപ (യു.എസ്.) രേഖ(മുംബൈ). മരുമക്കൾ പ്രേംഗോപാൽ, അനിൽ. സന്തപ്ത കുടുംബാംഗങ്ങളുടെ ദുഖത്തിൽ പങ്കു ചേരുന്നു.

## ആദരാഞ്ജലികൾ!!



തിരുപ്പൂരിൽ വച്ച് കെ.എസ്.ആർ.റ്റി.സി. ബസും കണ്ടെ നർ ലോറിയുമായി കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ദാരുണ മായി മരിച്ച ശിവശങ്കർ.

എറണാകുളം സി.എസ്.ഐ. കോംപ്ലക്സിലെ എസ്.ബി.ഐ. ബ്രാഞ്ചിലെ ചീഫ് അസ്സോസിയേറ്റ് വി.പുരഷോത്തമന്റെ മകനാണ്.

അദ്ദേഹത്തിന്റെ അകാല വിയോഗത്തിൽ ദുഖിതരായ കടുംബാംഗങ്ങളോടൊപ്പം എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസിയേഷനും പങ്ക് ചേരുന്നു. ആദരാഞ്ജലികൾ!!

## എം.പി.ചെറിയാൻ മു ക്കൽ കോതമംഗലം

എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ ഏറണാകുളം യൂണിറ്റ് അംഗം എം.പി. ചെറിയാൻ (74) മു ക്കൽ കോതമംഗലം അന്തരിച്ചു.



എം.പി. ചെറിയാൻ



മിസ്സസ്.ആനി മാത്യു (ജോളി)

റിട്ട. എ.ജി.എം. മാത്യു ചാക്കൊയുടെ ഭാര്യ മിസ്സസ്. ആനി മാത്യു (ജോളി) നിര്യാതയായ വിവരം വ്യസന സമേതം റിപ്പോർട് ചെയ്യുന്നു.

## ദിവംഗതനായി




### ഇരുമ്പനങ്ങാട് മായാ മന്ദിരത്തിൽ എൻ.മണി

**ഇരുമ്പനങ്ങാട് മായാമന്ദിരത്തിൽ എൻ.മണി (68)** നിര്യാതനായി, ഭാര്യ സുമ. മക്കൾ മായ, മഞ്ജു. മരുമക്കൾ സന്തോഷ് കുമാർ, ഷിബു.എസ്.ബി.ഐ. പെൻഷണേഴ്സ് അസ്സോസി യേഷന്റെ അനുശോചനം അറിയിക്കുന്നു.

**എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സി യേഷന്റെ തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ശ്രീ കെ.കാർത്തികേയൻ നായർ അന്തരിച്ച വിവരം വ്യസനസമേതം അറിയിക്കുന്നു.**

**ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കേ - ക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും. അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.**

# പത്രാധിപ സമിതി

## രക്ഷാധികാരി

ശ്രീ.മാത്യു അടയ്ക്കമുക്കൽ
മാനേജിംഗ് എഡിറ്റർ
ശ്രീ.എം.ജി.രാഘവൻ
ചീഫ് എഡിറ്റർ
ശ്രീ.പി.പി.ഫിലിപ്പ്
പത്രാധിപ സമിതി അംഗങ്ങൾ
പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ
സി.കെ.വിശ്വനാഥൻ നായർ
ഈശോ ചെറിയാൻ
ജോൺ വി. ചെറിയാൻ
ജോസഫ് ജോൺ
ത്രേസ്സ്യാമ്മ ആന്റണി
കെ. കെ.പാപ്പച്ചൻ

P.S: ഇതിൽ പ്രകടിപ്പിച്ചിരിക്കുന്ന എല്ലാ ആശയങ്ങളും അഭിപ്രായങ്ങളും എസ്.ബി.ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റേത് ആയിക്കൊള്ളണമെന്നില്ല.